## ന്യൂസ് ഡസ്കിലെ

# കാവിയും ചുവപ്പും

>> വീക്ഷണ വിശേഷം

● കമൽറാം സജീവ്

**....ആശിശ്** ഖേത്താൻ, ഇന്ത്യ കണ്ട ഏറ്റവും വലിയ വംശഹത്യയുടെ നേർസാക്ഷ്യങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞ് ആഴ്ചകൾക്കുള്ളിൽ നരേന്ദ്രമോഡിയുടെ തെരഞ്ഞെടുപ്പു വിജയത്തെ 'മോടിയോടെ മോഡി' എന്നു വരവേൽക്കാനും വികസനനയത്തിന്റെ വിജയമാണ് മോഡിയുടേതെന്ന് ന്യായീകരിക്കാനും മലയാളത്തിലെ മുഖ്യധാരാപത്രങ്ങൾക്കു കഴിയുന്നുണ്ടെങ്കിൽ ഉത്തരം കണ്ടെത്തേണ്ട വലിയ പ്രതിസന്ധിയെയാണ് നാം അഭിമുഖീകരിക്കുന്നതെന്ന് വ്യക്തം. പത്രപ്രവർത്തകരിലും പത്രാധിപന്മാരിലും പത്രസമീപനങ്ങളിലും തെളിഞ്ഞു കാണുന്ന മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സംഘപരിവാർ ആഭിമുഖ്യം പിണറായി-വി.എസ് ചർച്ചകൾക്കിടയിൽ കൊഴുത്തു തടിക്കുകയാണ്. ഇന്ത്യയെത്തന്നെ ഗ്രസിക്കാൻ പോകുന്ന ഒരു ഫാഷിസ്റ്റ് രാഷ്ട്രനിർമാണപ്രക്രിയയുടെ അണിയറവിജയമായി നരേന്ദ്രമോഡിയുടെ വിജയത്തെ കാണാൻ മലയാളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ ചെറിയ പരിശ്രമം പോലും നടത്തിയില്ല. എഡിറ്റിംഗ് ഒരു മസ്തിഷ്ക പ്രവർത്തനമാണെന്നു കാണിക്കേണ്ടിയിരുന്ന രാഷ്ട്രീയ വിശകലനങ്ങൾ എവിടെയും ഉണ്ടായില്ല. നാസി ഭരണക്രമത്തിന്റെ വളർച്ച വായിച്ചിട്ടുള്ള ഏതൊരാൾക്കും മനസ്സിലായിട്ടുള്ള പ്രാഥമികമായ കാര്യങ്ങൾപോലും ആരും പരിഗണിച്ചതേയില്ല. വികസനത്തിന്റെ വിജയമാണ് മോഡിയുടേതെന്നാണ് മാധ്യമപക്ഷം. അങ്ങനെയാണെങ്കിൽ ഇരുപതാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിൽ ലോകത്തിലെ തന്നെ ഏറ്റവും മികച്ച വികസിതരാഷ്ട്രമായിരുന്നു ജർമനി. വ്യാവസായിക മൂലധനത്തിലും സാംസ്കാരിക മൂലധനത്തിലും ഏത് അളവുകോലുകൾവെച്ച് നോക്കിയാലും അന്നത്തെ ജർമനിയെ പിന്തള്ളാൻ മറ്റൊരു രാഷ്ട്രം ഉണ്ടായിരുന്നില്ല. പക്ഷേ, ആ കാലത്തെ ജർമനി ഇന്ന് ചരിത്രത്തിലുള്ളത് വികസനത്തിന്റെ പേരിലല്ല. മോഡിയുടെ വികസനമാതൃകയെ പൊലിപ്പിക്കുന്നവർ ഹിറ്റ്ലറുടെ ദ്വന്ദ്വരാഷ്ട്ര മാതൃകയുമായി ഒരു താരതമ്യത്തിനെങ്കിലും മുതിരേണ്ടതായിരുന്നു. ഇന്ത്യയുടെ ഭരണഘടന ഉപയോഗിച്ചുകൊണ്ടുള്ള ഒരു പ്രത്യക്ഷഭരണകൂട നിർമാണമാണ് 'വികസനപ്രിയനായ' മോഡി നടത്തുന്നതെങ്കിൽ മുസ്‌ലിംകൾ കൊല്ലപ്പെടേണ്ടവർ തന്നെയാണെന്ന് പ്രഖ്യാപിക്കുന്ന പാർട്ടി മിലിറ്റൻസിയുടെ പരോക്ഷഭരണകൂടം അപ്പുറത്ത് അതിലും സജീവമായി പ്രവർത്തനക്ഷമമായിത്തന്നെ നിൽപുണ്ട്. എഡിറ്റർ തരുൺ ജെ. തേജ്പാൽ എഴുതി:

'പൊട്ടിത്തെറിക്ക് ഊഴം കാത്തിരിക്കുന്ന ഒരായിരം കലാപങ്ങൾ ഇന്ന് ഇന്ത്യയിലുണ്ട്. എങ്കിൽകൂടിയും നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും നിർണായകമായ സംഭവമാണിത്. ഗുജറാത്തിലേത് ഇന്ത്യ എന്ന ആശയത്തിന്റെ മുഖത്തേറ്റ ഏറ്റവും വലിയ താഡനമാണ്. സ്വതന്ത്ര മതേതര ജനാധിപത്യ നിലപാടിനോട് മത്സരിക്കുന്ന ആശയങ്ങൾ ഒരിക്കൽ ഉണ്ടായിരുന്നു എന്നു നാം ഓർമിക്കുന്നത് നല്ലതാണ്. ഒന്നും ആത്യന്തികമല്ല എന്നും നാം ഓർക്കുന്നത് നന്നായിരിക്കും.'

ഒരുപക്ഷേ, ഈ വർഷം പുറത്തിറങ്ങിയ ഏറ്റവും മികച്ച മാഗസിൻ എന്നു വിശേഷിപ്പിക്കാവുന്ന തെഹൽകയുടെ ആ ലക്കത്തിൽ ആശിശ് ഖേത്താന്റെ അന്വേഷണ റിപ്പോർട്ടുകളെ വിശകലനം ചെയ്തുകൊണ്ട് ന്യൂസ് എഡിറ്റർ ഹരീന്ദർ ബവേജ ഇങ്ങനെയും എഴുതി:

'ജുഡീഷ്യറിക്ക് നൽകാനാവുന്ന മുഴുവൻ ശ്രദ്ധയും ആവശ്യപ്പെടുന്ന അന്വേഷണമാണിത്. ഇത് ഒരു രാഷ്ട്രത്തിന്റെ അപമാനമാണ്. നമ്മുടെയെല്ലാം ഒന്നിച്ചുള്ള അപമാനം.'

ഇങ്ങനെയുള്ള പത്രാധിപന്മാർക്കിടയിൽ നമ്മളും ജീവിച്ചുപോകുന്നു (മുഖം മറച്ച്, നാണത്തോടെ!).

........*മാധ്യമം* പോലൊരു പത്രം കേരളത്തിൽ ചരിത്രപരമായ ഒരു അനിവാര്യതയായിരുന്നു. ആഗോളതലത്തിൽ തന്നെ ചർച്ചയുടെ മർമസ്ഥാനത്തേക്ക് കയറാൻ തുടങ്ങിയ ഇസ്‌ലാമിക രാഷ്ട്രീയത്തെ നേരിട്ട് അവതരിപ്പിക്കാനെത്തിയ *മാധ്യമ*ത്തിന് അതേസമയത്ത് ആവേശത്തോടെ ചർച്ച ചെയ്യപ്പെട്ട ഇതര ചിന്താപദ്ധതികളെയും കണ്ടില്ലെന്ന് നടിക്കാൻ കഴിയുമായിരുന്നില്ല. വർഗ രാഷ്ട്രീയം മാത്രമാണ് പുരോഗമനപരം എന്നു സൈദ്ധാന്തിക ബാധ്യതയിൽ ഇടതുപക്ഷം അവഗണിച്ച പ്രാന്തവൽകൃതരുടെയും ദുർബല ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള പ്ലാറ്റ്ഫോം *മാധ്യമ*മാണ് മുഖ്യധാരയിൽ സൃഷ്ടിച്ചത്. തീവ്രമായ സബാൾട്ടൻ യുക്തിക്ക് കേരളത്തിലെ മീഡിയയിൽ ഇടം കിട്ടുന്നത് *മാധ്യമ*ത്തിലൂടെയാണെന്ന് രണ്ടു ദശകം പൂർത്തീകരിക്കുന്ന ആ പത്രത്തിന്റെ ചരിത്രപരമായ സാന്നിധ്യം പരിശോധിച്ചാൽ മനസ്സിലാവും. പ്രചാരവിപ്ലവമല്ല, വാർത്താ ഉള്ളടക്കത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾ *മാധ്യമം* ദിനപത്രം അവതരിപ്പിച്ചു. ഒരു വാർത്തയും കണ്ടില്ലെന്നു നടിക്കാനാവാത്ത സമ്മർദത്തിലേക്ക് ഇതര മുഖ്യധാരാ മാധ്യമങ്ങളെ ഈ മാറ്റം കൊണ്ടുചെന്നെത്തിക്കുകയും ചെയ്തു. *മലയാള മനോരമ* പോലും കൂടുതൽ സെക്കുലർ ആയ പ്ലൂരൽ നയ അവസ്ഥ കൈവരിക്കാൻ തുടങ്ങിയ സമയവും ഇതുതന്നെയായിരുന്നു. എന്നാൽ വിപണിയിൽ ഈ നിലപാടുകൾ ഒരു കുത്തൊഴുക്ക് ഉണ്ടാക്കുന്നില്ല എന്നതിനാലാവാം പ്രാദേശിക ക്ഷേത്രോത്സവങ്ങൾക്കും അനന്തകോടി ആൾദൈവങ്ങൾക്കും വിശ്വാസ്യത തീർത്ത ഹിന്ദുത്വ ജേർണലിസം യാതൊരു മൂല്യബോധവുമില്ലാതെ കേരള കമ്പോളം കീഴടക്കുന്ന കാഴ്ചയാണ് തൊണ്ണൂറുകളിൽ (അതിപ്പോഴും തുടരുന്നു) കണ്ടുതുടങ്ങിയത്. ഇതിന്റെ മൂർധന്യത്തിലാണ് സി.പി.എം എന്ന 'ഏകതിന്മാസിദ്ധാന്തം' അവർ വ്യാപകമായി പ്രയോഗിച്ചു തുടങ്ങുന്നത്. ഇതൊരു യാദൃച്ഛികതയാവാനിടയില്ല. ഈ അധിനിവേശത്തിന്റെ ദുരവസ്ഥ ദുരൂഹമായ ഉൾപ്പിരിവുകളോടെ മലയാളത്തിലെ പത്രപ്രവർത്തനരംഗത്ത് ഒരു തിരിച്ചുപോക്കിന് തുടക്കമിട്ടിരിക്കുകയാണ്. ന്യൂസ് ഡസ്കുകളിൽ പെരുകിവരുന്ന ഹിന്ദുത്വ മനസ്സുകളുടെ സ്വാധീനവും അവർ രൂപപ്പെടുത്തുന്ന ഓഫീസ് രാഷ്ട്രീയവും ഭയാനകമാണ്.

രാഷ്ട്രീയ വിശകലനക്ഷമതയും ദീർഘവീക്ഷണവുമുള്ള പത്രപ്രവർത്തകരെ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ പത്രമാനേജുമെന്റുകൾ അതീവ സൂക്ഷ്മത പുലർത്തേണ്ട സന്ദർഭമാണിത്. ഏതു മാധ്യമത്തിന്റേതായാലും അതിന്റെ 'ഡെസ്ക്' ബഹുസ്വരവും മതനിരപേക്ഷവും ആയിരുന്നാൽ മാത്രമേ സംഘർഷരഹിതമായ കേരളത്തെ ഇന്നത്തെ തോതിലെങ്കിലും നിലനിർത്താൻ കഴിയൂ. തരുൺ തേജ്പാൽ ഓർമിപ്പിച്ചതുപോലെ 'മറ്റു പല സാധ്യതകൾക്കും പകരം കയറി നിൽക്കാൻ' കേരളത്തിലും ഇടമുണ്ടെന്ന ഭീഷണിയെക്കുറിച്ച് എല്ലാവരും ബോധവാന്മാരായിരിക്കണം. ■

(ലേഖനത്തിന്റെ പൂർണരൂപം *പച്ചക്കുതിര* മാസിക 2008 ജനുവരി ലക്കത്തിൽ)